# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1343 — 01.07.2015-ൽ മറുപടിയ്ക്ക്

## കരാറുകാരുടെ കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജെയിംസ് മാത്യു** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തു തീർക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (എ) കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്റ്റംബർ 2014 വരെയുള്ള ബില്ലുകൾക്കും, കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും ഡിസ്കൗണ്ടിംഗ് സമ്പ്രദായം അനുവദിച്ചിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടിവരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്. |
| (ബി) കരാറുകാരിൽ പലരും പ്രവൃത്തികൾ പാതിവഴിയിൽ നിർത്തിവെച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ബി) പ്രവൃത്തികൾ പാതിവഴിയിൽ നിർത്തിവെച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മുമ്പ് പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചിരുന്നുവെങ്കിലും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷം സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ